(രജിസ്റ്റർ ചെയ്യു കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ-12/1251/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി: 14.09.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / (സെക്രട്ടറി മുഖേന)
രാജക്കാട് ഗ്രാമപഞ്ചായത്ത്
സർ,

വിഷയം: രാജക്കാട് ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാജക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐ.ഡി.കെ-12/1251/2017 തീയതി: 14.09.2017

# ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്ത്

# **2016-17** സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26-11-2016 മുതൽ 28-08-2017 വരെ വിവിധ

ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. എം.വി. സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29-08-2017 മുതൽ 08-09-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.റ്റി.എസ്.ധനജയൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.എബി എബ്രാഹം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബിനുമോൻ കെ.സി. | ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എം.എസ്. സതി | 01-04-2016 മുതൽ 31-03-2017വരെ |
| സെക്രട്ടറി | കെ.എൻ.സഹജൻ | 01-04-2016 മുതൽ 24-12-2016വരെ |
| | സതീഷ് കുമാർ | 25-12-2016 മുതൽ 31-03-2017വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ഷിബു ബി. | 01-04-2016 മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | ഇ.കെ. ഷാജി | 01-04-2016 മുതൽ 31-03-2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഉഷാ സ്റ്റീഫൻ | 01-04-2016 മുതൽ 31-03-2017വരെ |
| വെറ്ററിനറി സർജൻ | റിനോജ് ജോസഫ് | 01-04-2016 മുതൽ 13-11-2016വരെ |
| | അനൂപ് ജിയോ ജോസ് | 14-11-2016മുതൽ 08-02-2017വരെ |
| | സന്തോഷ് | 09-02-2017 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | എൻ.എസ്.നൗഷാദ് | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഗോപിനാഥ് മോൻ | 01-04-2016 മുതൽ 31-03-2017വരെ |
| ഗ്രാമസേവിക | ജിൻസി തോമസ് | 01-04-2016 മുതൽ 31-03-2017വരെ |

ഉള്ളടക്കം

| ഭാഗം – 1 | | |
|---|---|---|
| ക്രമ നം. | ഖണ്ഡിക | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം - 2 | | |
| 13 | രസീത് ബുക്ക് ഉപയോഗം, അപാകതകൾ സംബന്ധിച്ച് | 2-1 |
| 14 | വാടക ഈടാക്കിയിട്ടില്ല, നഷ്ടം ₹35105/- | 2-2 |
| 15 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി | 2-3 |
| 16 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-4 |
| 17 | ബേസ് ഡാറ്റാ എൻട്രിയിലെ അപാകതകൾ സംബന്ധിച്ച് | 2-5 |
| 18 | വസ്തുനികുതിയിനത്തിൽ വലിയ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 2-6 |
| 19 | പെർമിറ്റ് ഫയലുകൾ ലഭ്യമാക്കിയില്ല | 2-7 |
| 20 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-8 |
| ഭാഗം - 3 | | |
| 21 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-1 |
| 22 | പദ്ധതി നടത്തിപ്പിലെ വീഴ്ച, തുക തടസ്സപ്പെടുത്തുന്നു | 3-2 |

| | | |
|---|---|---|
| 23 | ആയുർവേദ ആശുപത്രിക്ക് മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയിട്ടില്ല | 3-3 |
| 24 | ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത ആസ്തികളിൽ റോഡ് നിർമ്മാണം | 3-4 |
| 25 | സേവന നികുതി ഒടുക്കിയിട്ടില്ല | 3-5 |
| ഭാഗം – 4 | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1. |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2. |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3. |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5. |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7. |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8. |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 02-03-2016 തീയതിയിലെ നമ്പർ I തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 29-06-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രിക സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 9287147 |
| വരവ് | : | 63427306 |
| ആകെ | : | 72714453 |
| ചെലവ് | : | 64310734 |
| നീക്കിയിരിപ്പ് | : | 8403719 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | ബജറ്റ് അലോട്ട്മെന്റ് | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ | ചെലവ് ശതമാനം | സഞ്ചിത നിധിയിലേയ്ക്ക് തിരികെപ്പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 9383967 | - | 9383967 | 9383967 | 7705601 | 82.11 | 1678366 |
| വികസന ഫണ്ട് (എസ്.സി.പി) | 723525 | - | 723525 | 723525 | 475680 | 65.74 | 247845 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 40341 | - | 40341 | 40341 | 33996 | 84.27 | 6345 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2554755 | | 2554755 | 2554755 | 2176204 | 85.18 | 378551 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 7022268 | | 7022268 | 7022268 | 5563293 | 79.22 | 1458975 |
| 13-ാം ധനകാര്യ കമ്മീഷൻ | 5262423 | | 5262423 | 5262423 | 3906781 | 74.24 | 1355642 |
| ലോക ബാങ്ക് ധനസഹായം | 2755948 | | 2755948 | 2755948 | 1394763 | 50.61 | 1361275 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

എ)

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 110 | 34493267 | 85 | 22802382 | 25 | 77.27% |

ബി)

| നിർവ്വഹണം | ആകെ പദ്ധതികൾ | പൂർണ്ണമായും നടപ്പാക്കിയവ | നടപ്പാക്കാത്തവ | ആകെ അടങ്കൽ | ചെലവഴിച്ച തുക | പൂർത്തിയാക്കിയ പദ്ധതികളുടെ ചെലവ് % |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | - | 301506 | 193013 | 64.02 |
| വെറ്ററിനറി സർജൻ | 3 | 1 | 2 | 3080920 | 625000 | 20.29 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 2 | 2 | - | 350000 | 350000 | 100 |
| ആയുർവേദം | 1 | 1 | | 450000 | 450000 | 100 |
| വി.ഇ.ഒ | 10 | 9 | 1 | 3362928 | 1556901 | 46.3 |
| ഐ.സി. ഡി.എസ് | 3 | 3 | - | 3188600 | 2667064 | 83.64 |
| സെക്രട്ടറി | 19 | 14 | 5 | 7018918 | 5665634 | 80.72 |
| അസ്സിസ്റ്റന്റ് എഞ്ചിനീയർ | 70 | 53 | 17 | 16740395 | 11294770 | 67.47 |
| ആകെ | 110 | 85 | 25 | 34493267 | 22802382 | 66.11 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 91.85ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3200778 | 3722942 | 522164 | 16.31 |
| നികുതിയേതര വരവുകൾ | 891995 | 787755 | (-)104240 | 11.68 |
| മറ്റുവരവുകൾ | 52189906 | 68318 | (52121588) | (99.86) |

| | | | | |
|---|---|---|---|---|
| ആകെ | 56282679 | 4579015 | 51703664 | (91.86) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9600 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 2474040 | 294 |
| വിധവാപെൻഷൻ | 4485320 | 469 |
| വാർദ്ധക്യകാലപെൻഷൻ | 8573340 | 1208 |
| വികലാംഗപെൻഷൻ | 1395350 | 135 |
| അവിവാഹിതരായ വനിതകൾക്ക് പെൻഷൻ | 181160 | 20 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.08.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹124581/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

സ്റ്റോക്ക് രജിസ്റ്ററുകളിൽ എല്ലാ രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല സെക്രട്ടറിമാരുടെ സ്ഥലമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്നത് കൃത്യമായി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ വരവിന്റെ പുരോഗതി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്യിട്ടില്ല. 2016-17 വർഷത്തെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ, നികുതികൾ, ഫീസുകൾ മറ്റ് ധന സ്രോതസുകൾ എന്നിവ കണ്ടെത്താൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും നിർദേശങ്ങളും കണ്ടെത്തി ജനറൽ കമ്മറ്റിക്ക് നൽകേണ്ടതാണ്.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-08-2017 | 5/2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-08-2017 | 2016-17 | ലഭിച്ചിട്ടില്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയതിന്റെ കൃത്യത വ്യക്തമല്ല.

2. സാംഖ്യ, സഞ്ജയ ഇന്റഗ്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും സഞ്ജയ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി നടത്തിയിരിക്കുന്നതിലെ അപാകതകൾ മൂലം സാംഖ്യയിലും സഞ്ജയയിലും ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ വൻവ്യതിയാനം കാണുന്നു.

3. ലഭിക്കുവാൻ സാദ്ധ്യതയില്ലാത്ത തുകകൾക്കുള്ള പ്രൊവിഷൻ (B 10) രേഖപ്പെടുത്തിയിട്ടില്ല.

4. തനത് ഫണ്ടിന് പഞ്ചായത്തിൽ മൂന്ന് അക്കൗണ്ടുകൾ ഉണ്ട്. ആവശ്യമില്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്ത് പണം ഒരു അക്കൗണ്ടിൽ മാത്രം സൂക്ഷിക്കേണ്ടതാണ്.

5. അക്കൗണ്ട് നം 178ൽ(സ്പോർട്സ്) , ₹5225/- ശേഷിക്കുന്നുണ്ട്. ഇത് ക്ലോസ് ചെയ്ത് തുക തനത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

6. തനതു ഫണ്ടിൽ ₹12894/- അവശേഷിക്കുന്ന അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ് .

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീത് ബുക്ക് ഉപയോഗം, അപാകതകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ശ്രീ. സന്തോഷ് സുഗതൻ കൈപ്പറ്റിയ 15208- നമ്പർ രസീത് ബുക്ക് ഉപയോഗിച്ച് ₹40000/- ഗുണഭോക്തൃവിഹിതമിനത്തിൽ പിരിവു നടത്തിയിട്ടുണ്ട്. (1-80 രസീതുകൾ) ഗുണഭോക്താക്കളിൽ നിന്ന് ₹500/- വീതമാണ് പിരിച്ചിരിക്കുന്നത്. ഓഡിറ്റ് വർഷം ₹500/ ഗുണഭോക്താവ് എന്ന നിരക്കിൽ ഈടാക്കുന്നതിനുള്ള പദ്ധതികളൊന്നും നിർവഹണത്തിനായി വെറ്ററിനറി സർജനെ പഞ്ചായത്ത് ഏല്പിച്ചിരുന്നില്ല. തീയതിയോ പിരിവിന്റെ ഇനമോ രേഖപ്പെടുത്താതെ രസീതുകൾ നൽകിയാണ് ഗുണഭോക്താക്കളിൽ നിന്ന് ₹40000/- പിരിവു നടത്തിയത്. ₹40000/- പിരിവു നടത്തിയെങ്കിലും ₹50000/- ആണ് 31.03.2017 ൽ രസീത് നം. 11605103667 പ്രകാരം പഞ്ചായത്തിൽ വെറ്ററിനറി സർജൻ അടവാക്കിയത്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പണം പിരിച്ച നിർവഹണ ഉദ്യോഗസ്ഥൻ ഇപ്പോൾ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മൃഗാശുപത്രിയിൽ ജോലി ചെയ്യുന്നില്ല എന്നും അദ്ദേഹത്തെ വിവരം അറിയിച്ചിട്ടുണ്ട് എന്നുമാണ് നിലവിലെ നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. 2016-17 ൽ 78/17 നമ്പരായി പ്രത്യേക കന്നുകട്ടി പരിപാലനം (അടങ്കൽ- 2500000) എന്ന പദ്ധതിയാണ് നിർവഹണ ഉദ്യോഗസ്ഥനെ ഏല്പിച്ചിരുന്നത്. ഇതിനായി ₹625000 പഞ്ചായത്ത് അടച്ചിട്ടുമുണ്ട്. അനധികൃതമായി ഗുണഭോക്താക്കളിൽ നിന്ന് പണം പിരിച്ചതിനെക്കുറിച്ചും, പിരിച്ച തുക നിർവഹണ ഉദ്യോഗസ്ഥന്റെ സ്വന്തം പണവുമായി കൂട്ടിക്കലർത്തി അധിക തുക പഞ്ചായത്തിൽ അടവാക്കിയതിനെക്കുറിച്ചും

അന്വേഷണം നടത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

ടി രസീതു ബുക്കിലെ മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1. 1മുതൽ 77 വരെയും & 80,81,83 രസീതുകളിൽ വിവരങ്ങളും തീയതിയും രേഖപ്പെടുത്തിയിട്ടില്ല.

2. ചില രസീതുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ്/ഇനീഷ്യൽ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ. രസീത് നം 49,50,51,70

3. രസീത് നം. 1 മുതൽ 77 വരെയും 80,81,83 രസീതുകളിൽ ഡബിൾസൈഡ് കാർബൺ പേപ്പർ ഉപയോഗിച്ച് എഴുതിയിട്ടില്ല.

4. രസീത് നമ്പർ 29,30,59 എന്നിവയുടെ പകർപ്പുകൾ ഗുണഭോക്താവിന് നൽകിയിട്ടില്ല. ആയത് രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു.

5. ഒരു രസീതു നമ്പർ 29, 30, 31 എന്നിവ ഉപയോഗിച്ച് ഒരു ഗുണഭോക്താവിൽ നിന്ന് തന്നെ മൂന്ന് പ്രാവിശ്യം തുക പിരിച്ചിരിക്കുന്നു.

6. ഒരു രസീതിന്റെ പകർപ്പിൽ കാർബൺ ഉപയോഗിയ്ക്കാതെ അടുത്ത രസീതിന്റെ അസ്സലിൽ കാർബൺ ഉപയോഗിച്ച് എഴുതിയിരിക്കുന്നു.

ഉദാ:- 29, 30

7. 54-ാം രസീതിന്റെ ഡ്യൂപ്ലിക്കേറ്റിൽ കാർബൺ ഉപയോഗിച്ച് എഴുതിയത് അടുത്ത രസീതിന്റെ അസ്സലിൽ പതിഞ്ഞിട്ടുണ്ട്. എന്നാൽ അസ്സലിന്റെ ഡ്യൂപ്ലിക്കേറ്റിൽ cancelled എന്ന് എഴുതിയിരിക്കുന്നു.

8. രസീത് നം. 49, 58 എന്നിവയിൽ ഗുണഭോക്താവിന്റെ വിവരങ്ങളോ തുകയോ, യാതൊന്നും തന്നെ രസീതിന്റെ അസ്സലിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഡ്യൂപ്ലിക്കേറ്റ് രസീത് ബുക്കിൽ കാണുന്നുമില്ല.

9. 59-ാം നമ്പർ രസീതിന്റെ അസ്സലിൽ കാർബൺ പ്രിന്റ് പതിഞ്ഞിട്ടുണ്ട്. എന്നാൽ പകർപ്പിൽ ഒന്നും പതിഞ്ഞിട്ടില്ല.

10. നിർവ്വഹണ ഉദ്യോഗസ്ഥനു വേണ്ടി മറ്റൊരാൾ അസ്സലിൽ ഒപ്പ്/ ഇനീഷ്യൽ രേഖപ്പെടുത്തിയിരിക്കുന്നു. ഉദാ. രസീത് നം 54,59

11. ആദ്യ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉപയോഗിച്ച അപാകതകൾ നിറഞ്ഞ രസീത് ബുക്ക് തുടർന്നു വന്ന നിർവ്വഹണ ഉദ്യോഗസ്ഥനും ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ആയതിലും ഉദ്യോഗസ്ഥന്റെ ഒപ്പ്/ഇനീഷ്യൽ രേഖപ്പെടുത്തിയിട്ടില്ല. വെറ്ററിനറി സർജൻ കൈപ്പറ്റിയ 15208 നമ്പർ രസീത് ബുക്ക് പ്രകാരം പിരിവു നടന്നില്ല.

12. രസീതു ബുക്കിന്റെ കൗണ്ട് ഓഫ് സർട്ടിഫിക്കേഷൻ എഴുതിയിട്ടില്ല, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

ഏറ്റവും ഗൗരവവും കൃത്യമായും ഉപയോഗിക്കേണ്ടതാണ് രസീതു ബുക്ക്. അനധികൃതമായി പണപിരിവ് നടത്തിയത് സംബന്ധിച്ച കൂടുതൽ അന്വേഷണങ്ങൾക്കായി വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 2-2 വാടക ഈടാക്കിയിട്ടില്ല, നഷ്ടം ₹35105/-

ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന കടമുറികളുടെ 2016-17ലെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | ഉടമസ്ഥൻ | കടമുറിയുടെ വിവരം | വാടക | കുടിശ്ശിക കാലയളവ് | കുടിശ്ശിക (തുക*മാസം) |
|---|---|---|---|---|---|
| 1 | ജിൻസ് സി.എസ് | പഴയ മാർക്കറ്റ്-2 | 4000 | 8/16 മുതൽ 3/17 വരെ | 4000 x 8= 32000 |
| 2 | വിജേഷ് | പഴയ മാർക്കറ്റ്-4 | 610 | 7/16 മുതൽ 3/17 വരെ | 610 x 9=5490 |
| 3 | മുംതാസ് അലി | ഷോപ്പിംഗ് കോംപ്ളക്സ്-8 | 745 | 7/16 മുതൽ 3/17 വരെ | 745 x 9= 6705 |
| 4 | ജിൻസൺ ജേക്കബ്ബ് | റൂറൽ മാർക്കറ്റ്-2 | 500 | 12/16 മുതൽ 3/17 വരെ | 500 x 4= 2000 |
| 5 | റോജി അഗസ്റ്റിൻ | റൂറൽ മാർക്കറ്റ്-3 | 850 | 12/16 മുതൽ 3/17 വരെ | 850 x 4=3400 |
| 6 | അമ്പിളി ഉല്ലാസ് | വനിത ബിൽഡിംങ്-1 | 2363 | 7/16 മുതൽ 3/17 വരെ | 2363 x 9= 21267 |
| 7 | മാവേലി സ്റ്റോർ | മാവേലി സ്റ്റോർ | 1035 | 1/17 മുതൽ 3/17 വരെ | 1035 x 3= 3105 |

ഇതു സംബന്ധിച്ച അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ക്രമ നം 1 & 7 എന്നിവരുമായി കരാർ എഴുതിയിട്ടില്ല. വാടകക്കാരുമായി കരാർ ഒപ്പു വയ്ക്കാത്ത സാഹചര്യത്തിൽ ക്രമ നം 1,7 എന്നീ മുറികളുടെ വാടക കുടിശ്ശിക ₹35105/- (32000+3105) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. മറ്റു മുറികളുടെ വാടക എത്രയും വേഗത്തിൽ ഈടാക്കേണ്ടതാണ്. കൂടാതെ മുൻവർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന വാടക കുടിശ്ശിക നാളിതുവരെ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി

തറവിസ്തീർണ്ണത്തിന്റെ അനുപാതത്തിലുള്ള നികുതി നിരക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ ശരിയായി രേഖപ്പെടുത്താതുകൊണ്ട് 2016-17ൽ നികുതി നിർണ്ണയിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി കുറഞ്ഞ നിരക്കിലാണ് പഞ്ചായത്തിന് ലഭിച്ചിരിക്കുന്നത്. 100 ച.മീ ന് മുകളിൽ തറവിസ്തീർണ്ണം ഉള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 60 രൂപയാണ് പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്ക്. എന്നാൽ

സഞ്ചയയിൽ ₹35 എന്ന രേഖപ്പെടുത്തിയതിനാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥൻ | വിസ്തീർണ്ണം | ഈടാക്കിയ നികുതി നിരക്ക്, | തുക | ഈടാക്കേണ്ട നികുതി നിരക്ക്, | തുക | നഷ്ടം |
|---|---|---|---|---|---|---|---|---|
| 1 | X/94 A | പ്രസിഡണ്ട്, വ്യാപാരി വ്യവസായ സമിതി | 190 ച.മീ | 35 | 6650/- | 60 | 11400 | 4750/- |
| 2 | IV/469A<br>IV/469B | ബിൻസു തോമസ് | 137.5ച.മീ<br>137.5ച.മീ<br>ആകെ 274.1 | 35 | 9594/- | 60, | 16446/- | 6852/- |
| 3 | V/188B<br>V/188C<br>V/188D | പ്രസിഡണ്ട് , ആപ്കോസ് | 65.15ച.മീ<br>58.5ച.മീ<br>78.58ച.മീ<br>202.23ച.മീ<br>ആകെ 202.23ച.മീ | 35 | 7078 | 60, | 12134/- | 5056/ |
| 4 | V/371G<br>V/371H<br>V/371 I<br>V/371J | ജോഷി ജോസഫ് | 42.20ച.മീ<br>25.17ച.മീ<br>27.2ച.മീ<br>42.1ച.മീ<br>ആകെ 136.6ച.മീ | 35 | 4781/- | 60, | 8196/- | 3415/- |
| 5 | IV/286A<br>IV/286B<br>IV/286D<br>IV/286E<br>IV/286F<br>IV/286G<br>IV/286H<br>IV/286 I | സോഫിയാമ്മ തോമസ് | 49ച.മീ<br>49ച.മീ<br>72ച.മീ<br>57.5ച.മീ<br>57.5ച.മീ<br>22ച.മീ<br>15ച.മീ<br>14ച.മീ | 35 | 12639 | 60, | 21666/- | 9027/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | IV/286 J<br>IV/286K | | 13.1ച.മീ<br>12ച.മീ<br>361.1 ച.മീ | | | | | |
| | | | | | | ആകെ | | 29100/- |

ഇതു സംബന്ധിച്ച അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ തീയതി വച്ച് വസ്തു നികുതി നിർണയം നടത്തിയിട്ടില്ല. മേൽ തുക അടിയന്തിരമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ നിന്ന് 2016-17ൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയില്ല. കൂടാതെ വാർഷിക കണക്കുകളിൽ സ്ഥാപനതൊഴിൽ നികുതി ഇനത്തിൽ വരവു കാണിച്ചിട്ടില്ല. സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ പരിശോധന നടത്തുവാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽനികുതി അടവാക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി എത്രയും പെട്ടെന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ബേസ് ഡാറ്റാ എൻട്രിയിലെ അപാകതകൾ സംബന്ധിച്ച്

പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയപ്പോൾ തറവിസ്തീർണ്ണത്തിന് ആനുപാതികമായി നികുതി നിരക്കുകൾ സഞ്ജയ സോഫ്റ്റ് വെയറിൽ എൻട്രി നടത്താത്തതു മൂലം വർഷങ്ങളായി കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് പഞ്ചായത്തിന് ലഭിച്ചു വരുന്നത്. 100 ച.മീ മുകളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 60 രൂപയാണ് പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്ക്. എന്നാൽ ₹35/- ആണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം | വാർഡ്/കെട്ടിട നം | വിസ്തീർണ്ണം | ഈടാക്കിയ വർഷം | കുടിശ്ശിക വർഷങ്ങൾ | ഈടാക്കിയ നിരക്ക്. | ഈടാക്കേണ്ട നിരക്ക് |
|---|---|---|---|---|---|---|
| 1 | X/34.A- 34.R | 574.4 ച.മീ | - | 2013-14 മുതൽ | 35/- | 60/- |
| 2 | V/49.C-49.I | 165ച.മീ | 2015-16 | 2013-14, 2014-15, 2016-17 | 35/- | 60/- |
| 3 | VII/423.K-423.U | 357ച.മീ | 2014-15, 2015-16 | 2016-17 | 35/- | 60/- |
| 4 | VII/418.A-418.E | 277.5ച.മീ | - | 2013-14 മുതൽ | 35/- | 60/- |
| 5 | VII/49.A-49.C | 263.82ച.മീ | - | 2015-16 മുതൽ | 35/- | 60/- |
| 6 | VII/423.V- | 252ച.മീ | - | 2015-16 മുതൽ | 35/- | 60/- |

| | | | | | | |
|---|---|---|---|---|---|---|
| | 423.Z,423.Z1,423.Z2 | | | | | |
| 7 | IV/163.E- 163.L | 408ച.മീ | - | 2013-14 മുതൽ | 35/- | 60/- |
| 8 | IV/312.B-312.G | 207ച.മീ | | 2013-14 മുതൽ | 35/- | 60/- |

ഇതു സംബന്ധിച്ച അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മറ്റുള്ള വാർഡുകളിലെ കെട്ടിടങ്ങളുടെയും തറവിസ്തീർണ്ണത്തിന് ആനുപാതികമായിട്ടുള്ള നികുതി നിരക്ക തന്നെയാണോ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് പരിശോധിച്ച് പഞ്ചായത്തിന് ലഭിക്കേണ്ട നികുതി പിരിച്ചെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 വസ്തുനികുതിയിനത്തിൽ വലിയ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ വസ്തുനികുതിയിനത്തിൽ ₹4477481/- പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി കാലഹരണപ്പെട്ട് പോകാതെ പിരിച്ചെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-7 പെർമിറ്റ് ഫയലുകൾ ലഭ്യമാക്കിയില്ല

ചുവടെ ചേർത്തിരിക്കുന്ന നമ്പരുകൾ നല്കിയ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയ ഫയലും പെർമിറ്റ് ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും ലഭ്യമാക്കിയില്ല.

| | |
|---|---|
| 4/322(A-F) | 4/469(A,B) |
| 4/286(A-K) | 4/295(A-E) |
| 5/37(A-M) | 7/49(A-E) |
| 7/423(I-Z2) | 7/291(H-Q) |
| 10/94(A-E) | |

സൂചിത ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-8 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വിശദ വിവരം ആവശ്യപ്പെട്ട് എൻക്വയറി നം.2കൊടുത്തതിന് ലഭിച്ച മറുപടിയിൽ രാജാക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 7 മൊബൈൽ ടവറുകൾ ആണ് ഉള്ളത് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഇതിൽ 7 മൊബൈൽ ടവറുകളുടെയും വസ്തു നികുതി വർഷങ്ങളായി ഈടാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മൊബൈൽ ടവർ/ അനുബന്ധ കെട്ടിടം & കെട്ടിട നം. | നിർണ്ണയിച്ച വർഷം & തുക | 2013-14 മുതൽ നാളിതുവരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|
| 1 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ്, X/260 | 2013-14 | 275059/- |
| 2 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് 241(A) | 2013-14 | 167995 |
| 3 | വോഡഫോൺ എസ്സാർ സെല്ലുലാർ ലി, X/270 | 2013-14 | 299088/- |
| 4 | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ ലി, X/ 308 | 2013-14 | 255838/- |
| 5 | വയർലെസ് റ്റി.റ്റി ഇൻഫോ സർവ്വീസ് തി, I/ 336(B) | 2013-14 | 95495/- |
| 6 | ഇൻഡസ് ടവർ ലി, IX/67(A) | 2013-14 | 225690/- |
| | | ആകെ | 1317165/- |

ഒരു ടവറിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി കാലഹരണപ്പെട്ടു പോകാതെ ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം -പദ്ധതി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമസേവകൻ നിർവ്വഹണം നടത്തിയ എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പദ്ധതിയിൽ മുൻകൂർ തുക കൈപറ്റിയവരിൽ 6 ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശം താഴെ നൽകുന്നു.

| | | |
|---|---|---|
| പദ്ധതി നം | | എസ്. 147/17 |
| പദ്ധതി | | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം |
| അടങ്കൽ | വികസന ഫണ്ട് | ₹600000 |

| | |
|---|---|
| ബിൽ നം ,തീയതി & തുക | 09/2016-17 തീ 20/03/2017, ₹300000/- |

₹100000/- വീതം ചെലവഴിച്ച് ആറ് ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിച്ച് നല്കുവാനാണ് പദ്ധതി വിഭാവനം ചെയ്തത്.വിശദാംശം ചുവടെ നല്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | നല്കിയ തുക |
|---|---|---|
| 1 | ലക്ഷമി ആർ | 50000 |
| 2 | അനിൽ പി.സി | 50000 |
| 3 | വത്സ | 50000 |
| 4 | ഉഷാ ബിനോയി | 50000 |
| 5 | എം.ആർ.രാജൻ | 50000 |
| 6 | ജിഷി പി.കെ | 50000 |

നിർമ്മാണ പ്രവർത്തികൾ പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പദ്ധതി നടത്തിപ്പിലെ വീഴ്ച,തുക തടസ്സപ്പെടുത്തുന്നു

വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ ഇനത്തിൽ 2016-2017കാലയളവിൽ ₹532340/-ചുവടെ കൊടുക്കും പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. ആയതിന്റെ അഭാവത്തിൽ ചെലവ് തുക ₹532340/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1) എസ്.എസ് എ വിഹിതം നൽകൽ

| പ്രോജക്ട്നം | ചെലവിനം | ചെലവഴിച്ച തുക | ബിൽനമ്പർ/ തിയതി | ഡി.ഡി.നമ്പർ/ തീയതി | തുക ആർക്ക് നൽകി എന്ന് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 13/17 | എസ്.എസ് എ വിഹിതം നൽകൽ | 5,00,000 | 10/16-17 /26/10/16 | 178700/27 /10/17 | പ്രോജക്ട് ആഫീസർ എസ്എസ്എ, ഇടുക്കി | ശ്രീ.കെ.എൻ സഹജൻ സെക്രട്ടറി |

എസ്.എസ്.എ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ സ്കൂളുകളിൽ ₹19,88,505/-യുടെ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രോജക്ട് ഓഫീസർ പദ്ധതി തയ്യാറാക്കി പഞ്ചായത്തിൽ നല്കുകയും പഞ്ചായത്ത് വിഹിതമായ നാല്പത് ശതമാനം തുകയായ ₹795402/- ആവശ്യപ്പെടുകയും ചെയ്തതിനെ തുടർന്നാണ് ₹500000/- നല്കിയത്. പ്രോജക്ട് ഓഫീസർ സമർപ്പിച്ച പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

| 2)ഐ.കെ.എം വിഹിതം നൽകൽ | | | | | | |
|---|---|---|---|---|---|---|
| 34/17 | ഐ.കെ.എം വിഹിതം | 32340 | 9/16-17 /26/10/16 | 178221/27 /10/2016 | ഡയറക്ടർ, ഐകെഎം, | ശ്രീ.കെ.എൻ സഹജൻ |

| | | | | | | |
|---|---|---|---|---|---|---|
| | നൽകൽ | | | | തിരുനന്തപുരം | സെക്രട്ടറി |

## 3-3 ആയുർവേദ ആശുപത്രിക്ക് മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയിട്ടില്ല.₹1,50,891/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | 16/17, ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | ₹4,50,000/- (വികസന ഫണ്ട്) |
| ചെലവ് | ബിൽ നം. 46/16-17 തീയതി. 27.12.16 തുക : ₹4,50,000/- |

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 2016-17 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹4,50,000/- ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, ഔഷധി, എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും ₹1,50,891/-യുടെ മരുന്ന് ഇനിയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1,50,891/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 പഞ്ചായത്തിന്റേതല്ലാത്ത അസ്തികളിൽ റോഡ് നിർമ്മാണം നടത്തിയിരിക്കുന്നു

താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത് പഞ്ചായത്തിന്റെ ആസ്തികളിലാണ് എന്നതിന് രേഖകളില്ല.

| ക്രമനം | പ്രോജക്ടിന്റെ പേര് | അളവ് ബുക്ക് | ബിൽ നം, തീയതി, തുക | അളവ് ബുക്ക് പ്രകാരം |
|---|---|---|---|---|
| 1 | കലുങ്ക് സിറ്റി ദുർഗ്ഗാപുരം റോഡ് സോളിംഗ്.57/17 | 147/16-17/ AEE/LSGD | 21/16-17 തീ. 22.02.17 ₹199455/- 21/16-17 തീ. 22.02.17 ₹140000/- | 398.4മീറ്റർ നീളം 3.20 മീറ്റർ വീതി |

| | | | | |
|---|---|---|---|---|
| | | | | |
| 2 | അടിവാരം ഒട്ടലാങ്കൽപ്പടി റോഡ് നെടുമ്പതാലിൽപുരടിയിടം ഭാഗം റോഡ് സോളിംഗ്.<br>119/17 | 100/16-17/ LSGD | 29/16-17 തീ. 22.02.17<br>₹140000/ | 166 മീറ്റർ നീളം 3.20 മീറ്റർ വീതി |
| 3 | മുല്ലക്കാനം തെങ്ങനാട്ടുപടി റോഡ് മെറ്റസിംഗ്.95/17 | 227/16-17/ LSGD | 52/16-17തീ. 30.03.17<br>₹463004/- | 390 മീറ്റർ നീളം 3.20 മീറ്റർ വീതി |
| 4 | ഉണ്ടമല റോഡ് അമ്പാട്ട് പുരയിടം ഭാഗം സോളിംഗ്<br>60/17 | 145/16-17/ LSGD | 15/16-17/ 22.02.17<br>₹196640/- | 232.5 മീറ്റർ നീളം 3.20 മീറ്റർ വീതി |
| 5 | പഴയവിടുതി ഒ.സി പുരയിടം റോഡ് സോളിംഗ്<br>177/17 | 102/16-17/ LSGD | 14/16-17/ 22.02.17<br>₹140000/- | 156 മീറ്റർ നീളം 3.20 മീറ്റർ വീതി |
| 6 | തെങ്ങനാട്ട് പുരയിടംഭാഗം റോഡ് സോളിംഗ്.24/17 | 149/16-17/ LSGD | 24/16-17/ 22.02.17<br>₹183000/- | 213.5 മീറ്റർ നീളം 3.20 മീറ്റർ വീതി |
| 7 | പനച്ചിക്കുഴി -കീർത്തിപുരം റോഡ് സോളിംഗ് 58/17 | 148/16-17/ LSGD | 17/16-17/ 22.02.17<br>₹150000/- | 170 മീറ്റർ നീളം 3.20 മീറ്റർ വീതി |
| 8 | വിയർസെറ്റ് കൊച്ചുമല്ലക്കാനം റോഡ് പാറയ്ക്കൽ പുരയിടം മുതൽ എഴുത്തുപുര വരെ റോഡ് സോളിംഗ്.44/17 | 141/16-17/ LSGD | 14/16-17/ 22.02.17<br>₹140000/- | 586 മീറ്റർ നീളം 3.20 മീറ്റർ വീതി |

| | | | | |
|---|---|---|---|---|
| | ആകെ | | 1752099 | |

മേൽ പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത് പഞ്ചായത്തിന്റെ ആസ്തികളിൽ ആണെന്നുള്ളതിനുള്ള രേഖകളൊന്നും ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം 8 നൽകിയെങ്കിലും രേഖകൾ പിന്നീട് ഹാജരാക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. രേഖകളുടെ അഭാവത്തിൽ ₹1752099/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 സേവനനികുതി ഒടുക്കിയിട്ടില്ല

അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവത്തികളുടെ അന്തിമ ബില്ലുകളിൽ നിന്നും സേവന നികുതിയിനത്തിൽ കുറവ് ചെയ്തിട്ടുള്ള തുക നാളിതുവരെയും കേന്ദ്ര സർക്കാരിലേക്ക് ഓടുക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്&പദ്ധതി നം | സേവന നികുതിയിനത്തിൽ കുറവ് ചെയ്ത തുക(₹) |
|---|---|---|
| 1 | പുന്നസിറ്റി അംഗൻവാടി | 23692 |
| 2 | പഴയവിടുതി സ്കൂൾ മെയിന്റനൻസ് | 37845 |
| 3 | പരപ്പനങ്ങാടി അംഗൻവാടി | 7427 |
| 4 | കുരങ്ങാട്ട് പാറ പന്തലാട്ട് കരയിൽ വെയിറ്റിംഗ് ഷെഡ് | 3518 |
| 5 | കള്ളിമാലി കൈതവേലി ഭാഗം വെയിറ്റിംഗ് ഷെഡ്. | 5035 |
| 6 | കള്ളിമാലി, മമ്മട്ടിക്കാനം പി.എച്ച്.സി സബ്സെന്ററുകളുടെ മെയിന്റനൻസ്. | 34837 |
| 7 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് | 14224 |
| 8 | ആയുർവേദാശുപത്രി മെയിന്റനൻസ് | 22268 |

| | | |
|---|---|---|
| 9 | ക്രിമറ്റോറിയം നിർമ്മാണം പൂർത്തീകരണം | 28002 |
| | ആകെ | 176848 |

സേവന നികുതിയിനത്തിൽ ബില്ലുകളിൽ നിന്ന് കുറവ് ചെയ്തിട്ടുള്ളതും അസി.എഞ്ചിനിയറുടെ പേരിലുള്ള 67054891803 (SBT രാജകുമാരി) നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതുമായ ₹176848/-കേന്ദ്ര സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | സമ്പൂർണ്ണ വൈദ്യുതീകരണം | 1000000 | - | 1000000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63427306 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64310734 |
| വരവിനങ്ങളിലുള്ള നഷ്ടം | 35105 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2435330 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 35105 | | ശ്രീ സഹജൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 532340 | ശ്രീ. കെ.എൻ. സഹജൻ, സെക്രട്ടറി |
| 3-3 | 150891 | ഡോ. എം.എസ് നൗഷാദ്, ആയുർവേദ ഡിസ്പെൻസറി, രാജാക്കാട് |
| 3-4 | 1752099 | ശ്രീ.ഷിബു.ബി. അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ.എൻ. സഹജൻ, സെക്രട്ടറി | സെക്രട്ടറി അടിമാലി ഗ്രാമപഞ്ചായത്ത് | കാടായത്തിൽ വീട്, അടിമാലി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | റിമാർക്സ് |
|---|---|---|

| | ഒട്ടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1965-66 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1966-67 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1967-68 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1968-69 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1969-70 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1970-71 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1972-73 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1973-74 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1975-76 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1976-77 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1978-79 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1979-80 | എൽ. എഫ്. ഐ-5-272/82/26.6.1982 | |
| 1980-81 | എൽ. എഫ്. ഐ-5-1233/83/30.10.1983 | |
| 1981-82 | എൽ. എഫ്. ഐ-5-163/89/31.7.1989 | |
| 1982-83 | എൽ. എഫ്. ഐ-5-1036/85/5.7.1986 | |
| 1983-84 | എൽ. എഫ്. ഐ-5-968/87/12.5.1987 | |
| 1984-85 | എൽ. എഫ്. ഐ-5-914/87/21.8.1988 | |
| 1985-86 | എൽ. എഫ്. ഐ-5-612/89/21.10.1989 | |
| 1986-87 | എൽ. എഫ്. ഐ-5-616/91/2.8.1992 | |
| 1987-88 | എൽ. എഫ്. ഐ-5-612/92/6.1.1995 | |
| 1988-89 & 89-90 | എൽ. എഫ്. ഐ-5-399/94/14.11.1994 | |
| 1990-91 & 91-92 | എൽ. എഫ്. ഐ-5-589/94/15.11.1995 | |
| 1992-93 & 93-94 | എൽ. എഫ്. ഐ-5-56/95/28.3.1995 | |
| 1994-95 | എൽ. എഫ്. ഐ-5-401/96/15.10.1996 | |
| 1995-96 | എൽ. എഫ്. ഐ-5-578/97/6.2.1998 | |
| 1996-97 & 97-98 | എൽ. എഫ്. ഐ-8-714/99/30.3.2000 | |

| | | |
|---|---|---|
| 1998-99 | എൽ. എഫ്. ഐ-8-358/01/30.7.2001 | |
| 1999-00 | എൽ. എഫ്. ഐ-8-578/01/29.6.2002 | |
| 2000-01 | എൽ. എഫ്. ഐ-8-12/2002 | |
| 2001-02 | എൽ. എഫ്. ഐ-8-269/05/14.06.2005 | |
| 2002-03 | എൽ. എഫ്. ഐ-10-991/08/14.11.2008 | |
| 2003-04 | എൽ. എഫ്. ഐ-10-230/07/17.7.2007 | |
| 2004-05 | എൽ. എഫ്. ഐ-10-909/09/11.11.2009 | |
| 2005-06 | എൽ. എഫ്. ഐ-10-1115/10/6.1.2011 | |
| 2006-07 | എൽ. എഫ്. ഐ-10-361/09/10.11.2009 | |
| 2007-08 | എൽ. എഫ്. ഐ-12-10/12/9.5.2012 | |
| 2008-09 | എൽ. എഫ്. ഐ-12-153/11/27.10.2011 | |
| 2009-10 | എൽ. എഫ്. ഐ-12-152/12/31.3.2012 | |
| 2010-11 & 11-12 | എൽ. എഫ്. ഐ-12-25/2012/22.10.2013 | |
| 2012-13 | എൽ.എഫ്.ഐ-12/1221/14/10.12.14/06.04.15 | |
| 2013-14 | കെ.എസ്.എ/ഐ.ഡി.കെ-12/915/15/11.9.15 | |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-12/320/16/06.05.16 | |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-12/1625/16/17.01.17 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## <u>അനുബന്ധം-1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.ഐ.ഡി.കെ.12/1251/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി: 14.09.2017
Ph: 04862227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

KSAIDK- 12/1251/2017

Kerala State Audit Department
District Audit Office
Idukki,Thodupuzha
Date: 14.09.2017
Ph:04862-227332
E-mail:-doidk.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Rajakkadu Grama Panchayat in Idukki District for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of Rajakkadu Grama Panchayat for the year 2016-17 except observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR
IDUKKI